**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1655** **01-07-2026-ൽ മറുപടിയ്ക്ക്**

**<u>മാലിന്യ നിർമ്മാർജ്ജനം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. ജോയി

ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് മാലിന്യ നിർമ്മാർജ്ജനം യഥാസമയം നിർവ്വഹിക്കാത്തതിനാൽ പകർച്ച വ്യാധികൾ പിടിപെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ;

**<u>മറുപടി:</u>** മഴക്കാലത്ത് പൊതുവേ പകർച്ച വ്യാധികൾ കൂടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

പകർച്ചവ്യാധികൾ നിയന്ത്രിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഏപ്രിൽ മാസം മുതൽ തന്നെ മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നു. കൂടാതെ, രോഗങ്ങൾ വരാതിരിക്കാനും അവയുടെ ആദ്യഘട്ട വ്യാപനം തടയുന്നതിനുമുള്ള പ്രതിരോധ പ്രവർത്തനങ്ങൾ നവംബർ ഒന്ന് വരെ തുടരുന്നതിനായി പുതുക്കിയ കർമ്മപദ്ധതി പുറത്തിറക്കിയിട്ടുണ്ട്.

മഴക്കല പൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി സംസ്ഥാനത്തെ 20,219 വാർഡുകളിൽ ശുചിത്വ സമിതികൾ രൂപീകരിക്കുകയും, 20038 വാർഡുകളിൽ സമിതി യോഗങ്ങൾ ചേരുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി 19,952 വാർഡുകളിൽ വാർഡുതല കർമ്മപദ്ധതികൾ തയ്യാറാക്കി. സംസ്ഥാനത്തുടനീളം 17,769 ക്ലീനിംഗ് ഡ്രൈവുകൾ നടത്തുകയും പൊതുസ്ഥലങ്ങൾ വൃത്തിയാക്കുകയും ചെയ്തു. ഈ ഡ്രൈവുകളിലൂടെ മാത്രം 3530 ടൺ മാലിന്യമാണ് നീക്കം ചെയ്തത്. കൂടാതെ, 11985 കിലോമീറ്റർ നീളത്തിൽ തോടുകൾ, നീർച്ചാലുകൾ, ഓടകൾ എന്നിവയും 4,844 കുളങ്ങളും വൃത്തിയാക്കുകയുണ്ടായി. ആരോഗ്യ സുരക്ഷ ഉറപ്പാക്കുന്നതിനായി 29,29,580 കിണറുകളിൽ ക്ലോറിനേഷൻ നടത്തി. ശുചീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്താകെ 2,154 ജി.വി.പി (GVP - Garbage Vulnerable Points) കണ്ടെത്തി മാലിന്യം നീക്കം ചെയ്യുകയും ചെയ്തു. ആകെ 25.7 കോടി രൂപയുടെ ശുചീകരണ പ്രവർത്തികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

**(ബി)** മാലിന്യ നിർമ്മാർജ്ജനത്തിനായി ഈ സർക്കാർ തദ്ദേശ സ്ഥാപനങ്ങൾക്ക് എത്ര രൂപ അനുവദിച്ച് നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

**<u>മറുപടി:</u>** മാലിന്യ നിർമ്മാർജ്ജനത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തനത് ഫണ്ട്, വികസനഫണ്ട്, ധനകാര്യകമ്മീഷൻ ഗ്രാൻറ് സ്വച്ഛ് ഭാരത് മിഷൻ തുടങ്ങിയ വിവിധങ്ങളായ കേന്ദ്ര സംസ്ഥാന പദ്ധതി വിഹിതങ്ങൾ വിനിയോഗിക്കാവുന്നതാണ്. മാലിന്യ സംസ്കരണ മേഖലയുമായി

ബന്ധപ്പെട്ട് തദ്ദേശ സ്ഥാപനങ്ങൾ നടപ്പാക്കുന്ന വിവിധ പദ്ധതികൾക്കായി ഈ സർക്കാർ മുൻഗണനാടിസ്ഥാനത്തിൽ ഫണ്ട് അനുവദിച്ചിട്ടുണ്ട്.

സ.ഉ.(സാധാ) നം. 1181/2026/ത.സ്വ.ഭ.വ തീയതി 25-06-2026 പ്രകാരം ശുചിത്വ കേരളം പദ്ധതിയുടെ (റൂറൽ & അർബൻ) ഒന്നാം ഗഡുവായി ആകെ 11 കോടി രൂപ അനുവദിച്ചു. ഇതിൽ ശുചിത്വ കേരളം (റൂറൽ) പദ്ധതിക്കായി 7 കോടി രൂപയും, ശുചിത്വ കേരളം (അർബൻ) പദ്ധതിക്കായി 4 കോടി രൂപയുമാണ് അനുവദിച്ചിട്ടുള്ളത്. കൂടാതെ, വേൾഡ് ബാങ്ക് സഹായത്തോടെ തദ്ദേശ സ്ഥാപനങ്ങളിലെ ഖരമാലിന്യ സംസ്കരണത്തിനായി കേരള സോളിഡ് വേസ്റ്റ് മാനേജ്മെൻറ് പ്രോജക്ടിന് സ.ഉ.(സാധാ) നം 1195/2026/തസ്വഭവ തീയതി 27-06-2026 ഉത്തരവ് പ്രകാരം കമ്പോണന്റ് 1, 3 എന്നിവയുടെ ചെലവുകൾക്കായി 35.50 കോടി രൂപ അനുവദിച്ചു.

സ്വച്ഛ് ഭാരത് മിഷൻ (അർബൻ) പദ്ധതിക്കായി സ.ഉ.(സാധാ) നം.1137/2026/ത.സ്വ.ഭ.വ തീയതി 19-06-2026 ഉത്തരവ് പ്രകാരം കേന്ദ്ര വിഹിതവും തുല്യമായ സംസ്ഥാന വിഹിതവും ചേർത്ത് ആകെ 18.76 കോടി രൂപയുടെ അനുമതി നൽകിയിട്ടുണ്ട്. സ്മാർട്ട് സിറ്റി പദ്ധതിയുടെ കീഴിൽ തിരുവനന്തപുരം നഗരസഭയിൽ നടപ്പാക്കുന്ന CITIIS 2.0 പ്രൊജക്ടിനായി സ.ഉ.(സാധാ) നം 1187/2026/തസ്വഭവ തിയതി 25-06-2026 ഉത്തരവ് പ്രകാരം സിറ്റി ലെവൽ ആക്ഷൻ പ്ലാൻ നടപ്പാക്കുന്നതിന് കേന്ദ്ര-സംസ്ഥാന വിഹിതമടക്കം ആകെ 9,36,83,830 രൂപ അനുവദിച്ചു.

**സെക്ഷൻ ഓഫീസർ**